വർഷത്തേയും ആവശ്യം കണക്കാക്കി മൊത്തമായി ഗ്രാന്റ് നൽകുന്ന സംവിധാനം സ്വീകരിച്ചാൽ സർക്കാരിന് താങ്ങാൻ വയ്യാത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും.

79 (3404) കൃഷിഫാമുകൾ

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷിഫാമുകളുണ്ട്; എവിടെയെല്ലാം; ഇതിൽ ഏതെല്ലാം കൃഷി ഫാമുകൾ ബന്ധപ്പെട്ട പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കോ നഗരപാലികാ സ്ഥാപനങ്ങൾക്കോ വിട്ടുകൊടുത്തു;

(ബി) പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കും നഗരപാലിക സ്ഥാപനങ്ങൾക്കും വിട്ടുകൊടുത്ത ഫാമുകളിൽ അവർ ഉല്പാദനം നടത്തുകയുണ്ടായോ;

(സി) എങ്കിൽ മുൻകാലത്ത് അപേക്ഷിച്ച ഈ ഫാമുകളിൽ എത്ര ഉല്പാദനം കൂട്ടാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 61 കൃഷിഫാമുകളുണ്ട്. ഇവയുടെ സ്ഥലവിവരം അനുബന്ധമായി ചേർക്കുന്നു.† ഇതിൽ 10 സ്പെഷ്യൽ ഫാമുകളൊഴികെ ബാക്കിയുള്ളവയെല്ലാം ജില്ലാ പഞ്ചായത്തുകളുടെ മേൽനോട്ടത്തിന് വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) ഉണ്ടായി.

(സി) കാര്യമായ വർദ്ധനവ് ഒന്നും ഉണ്ടായതായി കാണുന്നില്ല.

80 (3405) കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ചുള്ള ചട്ടങ്ങൾ തയ്യാറായോ;

(സി) ഏതെല്ലാം കർഷകർക്കാണ് പെൻഷൻ നൽകാനുദ്ദേശിക്കുന്നത്;

(ഡി) ഇതുവരെ എത്ര കർഷകരിൽനിന്നും പെൻഷനുവേണ്ടി അപേക്ഷകൾ ലഭിച്ചു;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എത്രപേർക്ക് പെൻഷൻ നൽകിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(ഇ)

കർഷകർക്ക് പെൻഷൻ നൽകുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. പദ്ധതിക്ക് അന്തിമരൂപം നൽകിയിട്ടില്ല.

81 (3406) കാർഷികമേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലാ വികസന പദ്ധതി നിർത്തലാക്കിയതിനുശേഷം, കാർഷിക മേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി എന്തെല്ലാം പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഗ്രൂപ്പ് ഫാമിങ്ങിന് ഇപ്പോൾ ഹെക്ടർ ഒന്നിന് എത്രരൂപയാണ് നൽകുന്നത്;

(സി) മിനികിറ്റ് പദ്ധതി പ്രകാരമുള്ള വിത്ത് വിതരണം ഇപ്പോഴും നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കളനാശിനി വിതരണത്തിനും എൻഡമിക് ഏരിയായിലെ കീടരോഗനിയന്ത്രണത്തിനും അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തു തുക മാറ്റിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഏലാ വികസന പദ്ധതിക്കുശേഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

(1) കേരള കാർഷിക വിജ്ഞാപന വ്യാപന പദ്ധതി.

(2) പഞ്ചായത്തുകളിൽ സ്ഥാപിക്കപ്പെട്ട കൃഷി ഭവനിലൂടെയുള്ള കാർഷിക വികസന പദ്ധതികൾ.

(3) നെല്ലിന് ഗ്രൂപ്പ് ഫാമിംഗ്.

(4) തെങ്ങു കൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് മാനേജ്മെന്റ് പദ്ധതി.

(5) കുരുമുളക് കൃഷിക്ക് ഗ്രൂപ്പ് മാനേജ്മെന്റ് പദ്ധതി.

(6) ഹരിത സംഘങ്ങളിൽ കൂടിയുള്ള പച്ചക്കറി പദ്ധതി.

(ബി) പുനർജീവിപ്പിച്ച ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുവാൻ ആരംഭിക്കുന്നതേയുള്ളു.

(സി) ഉണ്ട്. ഈ പദ്ധതിപ്രകാരം 2 കിലോ വീതമുള്ള 23,000 കിറ്റുകൾ 99-2000 വർഷത്തിൽ വിതരണം ചെയ്യും. 30 രൂ ചെലവിനത്തിൽ കർഷകരിൽനിന്നും ഈടാക്കിയാണ് ഇത് വിതരണം ചെയ്യുക. ഇതിനായി 6.90 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്. 98-99 വർഷത്തിൽ 26429 കിറ്റുകൾ വിതരണം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly